**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6531** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷകർക്ക് വിവിധ സേവനങ്ങൾ നൽകി വരുന്നു. 'സുഭിക്ഷ കേരളം' ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. ശുദ്ധജലത്തിലെ കൂട് കൃഷി<br><br>2. ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി<br><br>3. റി സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം<br><br>4.പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി<br><br>5. അർദ്ധ ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യകൃഷി<br><br>6. മുറ്റത്തൊരു മീൻതോട്ടം<br><br>7. ബയോഫ്ളോക്ക് മത്സ്യകൃഷി<br><br>"സുഭിക്ഷ കേരളം" ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം കർഷകർക്ക് ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി, പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി എന്നീ കൃഷി രീതികൾക്ക് മത്സ്യവിത്ത് സൗജന്യമായും അർദ്ധ ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യക്കൃഷിക്ക് മത്സ്യവിത്തിന്റെ 70% ഉം, ശുദ്ധജലത്തിലെ കൂട് കൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ കൃഷി രീതികൾക്ക് മത്സ്യവിത്തിന്റെ 70% ഉം മത്സ്യ തീറ്റയുടെ 40% ഉം സബ്സിഡിയായി നൽകുന്നു. ഇതിന് പുറമേ ടി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ കർഷകർക്ക് പരിശീലന പരിപാടികൾ, സാങ്കേതിക സഹായങ്ങൾ എന്നിവയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ? | (ബി) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ സേവനം ലഭ്യമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ സേവനം ലഭ്യമാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വിശദാംശങ്ങൾ

| പഞ്ചായത്തുകൾ | പദ്ധതി | എണ്ണം/യൂണിറ്റ് |
|---|---|---|
| മഴുവന്നൂർ | ശുദ്ധജലത്തിലെ കൂട് കൃഷി | 5 |
| വടവുകോട് | ശുദ്ധജലത്തിലെ കൂട് കൃഷി | 2 |
| പൂതൃക്ക | ശുദ്ധജലത്തിലെ കൂട് കൃഷി | 1 |
| മഴുവന്നൂർ | ശാസ്ത്രീയ കാർപ്പ് മത്സ്യ കൃഷി | 4 |
| ഐക്കരനാട് | ശാസ്ത്രീയ കാർപ്പ് മത്സ്യ കൃഷി | 2 |
| വടവുകോട് പുത്തൻകുരിശ് | ശാസ്ത്രീയ കാർപ്പ് മത്സ്യ കൃഷി | 3 |
| മഴുവന്നൂർ | പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യ കൃഷി | 37 |
| ഐക്കരനാട് | പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യ കൃഷി | 13 |
| വടവുകോട് പുത്തൻകുരിശ് | പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യ കൃഷി | 22 |
| കുന്നത്തുനാട് | പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യ കൃഷി | 23 |
| ഐക്കരനാട് | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 2 |
| വടവുകോട് പുത്തൻകുരിശ് | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 1 |
| പൂതൃക്ക | അർദ്ധ ഊർജ്ജിത നൈൽ തിലാപ്പിയ മത്സ്യ കൃഷി | 1 |
| തിരുവാണിയൂർ | ബയോഫ്ളോക്ക് | 2 |

Sd/-

സെക്ഷൻ ഓഫീസർ